പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6275 07.11.2016 ൽ മറുപടിയ്ക്ക്

**അശാസ്ത്രീയമായ ഫെയർ സ്റ്റേജ് സംവിധാനം**

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അശാസ്ത്രീയ-മായ ഫെയർ സ്റ്റേജ് സംവിധാനം പരിശോധിക്കുവാൻ ആരെയെങ്കിലും ചുമതല-പ്പെടുത്തിയിട്ടുണ്ടോ; ഇവരുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ ഫെയർ സ്റ്റേജ് നിർണ്ണയം സംബന്ധിച്ച പരാതികൾ സംബന്ധിച്ച് പരിശോധിക്കുവാൻ റിട്ടയേർഡ് ജസ്റ്റിസ് രാമചന്ദ്രൻ അദ്ധ്യക്ഷനായിട്ടുള്ള ഫെയർ റിവിഷൻ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. |
| (ബി) | ദീർഘദൂര യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്ന തരത്തിലുള്ള ഫെയർ സ്റ്റേജ് സംവിധാനം പരിശോധിക്കുമോ; പരിഹരിക്കുവാൻ ആവശ്യമായ നിർദ്ദേശം കെ.എസ്.ആർ.ടി.-സി. മാനേജിംഗ് ഡയറക്ടർക്ക് നൽകുമോ; വിശദമായ വിവരം ലഭ്യമാക്കുമോ; | (ബി) | ഈ വിഷയം സംബന്ധിച്ച പരാതികൾ ലഭിക്കുമ്പോൾ കെ.എസ്.ആർ.ടി.സി.-യും അതത് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികളും അതിന്മേൽ വിശദമായ അന്വേഷണം നടത്തി ഉചിതമായ തീരുമാനം എടുക്കാറുണ്ട്. പ്രത്യേക നിർദ്ദേശം ആവശ്യമുണ്ടോയെന്ന കാര്യം പരിശോധിക്കുന്നതാണ്. |

..തുടർച്ച..

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് ഫെയർസ്റ്റേജ് നടപ്പിലാക്കുന്ന രീതി എന്തെന്ന് വ്യക്തമാക്കുമോ? | (സി) | 1988-ലെ കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 67 പ്രകാരം സ്റ്റേജ് കാര്യേജുകളിലെ ഫെയറും ഫ്രൈറ്റും നടപ്പിലാക്കുന്നതിന് അതത് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾക്കാണ് അധികാരം നല്കിയിട്ടുള്ളത്. 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 133 പ്രകാരം ഫെയർ ടേബിൾ അംഗീകരിക്കുന്നതിനും റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾക്ക് അധികാരമുണ്ട്. ചട്ടം 211 പ്രകാരം രണ്ട് ഫെയർ സ്റ്റേജുകൾ തമ്മിലുള്ള ദൂരം 6.5 കിലോമീറ്ററിൽ കൂടാൻ പാടില്ല. ഫെയർ റിവിഷൻ സംബന്ധിച്ച ഉത്തരവുകളിൽ രണ്ട് ഫെയർ സ്റ്റേജുകൾ തമ്മിലുള്ള ദൂരം രണ്ടര കിലോമീറ്ററായി സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. പ്രധാനമായും ദൂരം മാത്രമല്ല, മറിച്ച് ആരാധനാലയങ്ങൾ, വിദ്യാലയങ്ങൾ, പ്രധാന ജംഗ്ഷനുകൾ എന്നിവയും യാത്രക്കാരുടെ സൗകര്യവും കൂടി കണക്കിലെടുത്താണ് ഫെയർ സ്റ്റേജുകൾ നിശ്ചയിച്ചിരിക്കുന്നത്.<br>ഈ ചട്ടങ്ങളിൽ കെ.എസ്.ആർ.ടി.സി.-യെ ഒഴിവാക്കിയിട്ടുണ്ട്.<br>കെ.എസ്.ആർ.ടി.സി.-യുടെ ഡയറക്ടർ ബോർഡിന്റെ അംഗീകാരത്തോടുകൂടിയാണ് കെ.എസ്.ആർ.ടി.സി.-യുടെ ഫെയർ സ്റ്റേജുകൾ നിർണ്ണയിക്കുന്നത്. |

സെക്ഷൻ ഓഫീസർ.